**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **05-12-2022 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ ഉദ്യാനത്തിലെ നിർമ്മാണ പ്രവർത്തികൾക്ക് വിലക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴ ഉദ്യാനത്തിൽ നിർമ്മാണ, നവീകരണ പ്രവൃത്തികൾ നടത്തുന്നതിന് വിജിലൻസ് ഏതെങ്കിലും തരത്തിലുള്ള വിലക്കോ നിയന്ത്രണമോ ഏർപ്പെടുത്തിയിട്ടുണ്ടോ; | (എ) | പാലക്കാട് ജില്ലയിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രമായ മലമ്പുഴ ഉദ്യാനത്തിലെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വി.എ.സി.ബി പാലക്കാട് യൂണിറ്റിൽ വി.സി.06/2017/ പി.കെ.ഡി എന്ന നമ്പറിൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പുരോഗമിച്ചു വരുന്നു. എന്നാൽ പ്രസ്തുത അന്വേഷണവുമായി ബന്ധപ്പെട്ട് മലമ്പുഴ ഉദ്യാനത്തിലെ നിർമ്മാണ, നവീകരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന വിലക്കോ നിയന്ത്രണമോ വി.എ.സി.ബി മുഖേന ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) | എങ്കിൽ ഏത് സാഹചര്യത്തിലാണ് ഈ വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത് എന്നും എന്തെല്ലാം പ്രവൃത്തികൾ നടത്തുന്നതിനാണ് വിലക്ക് ഏർപ്പെടുത്തിയിട്ടുള്ളത് എന്നും വിശദമാക്കുമോ? | (ബി) | ഉത്തരം (എ) യിൽ നല്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ